REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പഞ്ചരാഷ്ട്ര സന്ദർശനം ഇന്നാരംഭിക്കും.**
- **കാസർകോട് ജില്ലയിലെ ഗവൺമെന്റ് ആശുപത്രികളിൽ ആധുനിക സൗകര്യങ്ങൾ കൊണ്ടുവരുന്നത് പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്ത് ഓണക്കാലത്ത് കൂടുതൽ അരിവിഹിതം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മന്ത്രി GR അനിൽ കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷിയുമായി കൂടിക്കാഴ്ച നടത്തി.**
- **സ്കൂളുകളിൽ പാമ്പ് കടി അത്യാഹിതങ്ങൾ ഒഴിവാക്കാൻ സംസ്ഥാന ഗവൺമെന്റ്, വനം വകുപ്പ് മുഖേന പദ്ധതികൾ ആവിഷ്കരിച്ചതായി മന്ത്രി AK ശശീന്ദ്രൻ.**
- **ഇന്ത്യ - ഇംഗ്ലണ്ട് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് ബർമിങ്ഹാമിൽ വൈകിട്ട് മൂന്നരയ്ക്ക്.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പഞ്ചരാഷ്ട്ര സന്ദർശനം ഇന്നാരംഭിക്കും. എട്ടു ദിവസം നീളുന്ന യാത്രയിൽ അദ്ദേഹം ഘാന, ട്രിനിഡാഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നീ രാഷ്ട്രങ്ങൾ സന്ദർശിക്കും. യാത്രയുടെ ആദ്യഘട്ടത്തിൽ അദ്ദേഹം ഇന്ന് ഘാനയിലെത്തും.

....ഡെസ്ക് റിപ്പോർട്ട്...

(വോയ്സ് ..........)

ഘാനയിലേക്ക് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്. ഘാന പ്രസിഡന്റ് ജോൺ ഡ്രമാനി മഹാമയുമായി പ്രധാനമന്ത്രി ചർച്ച നടത്തും. ഉഭയകക്ഷി പങ്കാളിത്തം അവലോകനം ചെയ്യുന്നതോടൊപ്പം സാമ്പത്തിക, ഊർജ്ജ, പ്രതിരോധ സഹകരണവും വികസന സഹകരണ പങ്കാളിത്തവും ഇരുരാജ്യങ്ങളും അവലോകനം ചെയ്യും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ നരേന്ദ്രമോദി നാളെ ദ്വീപ് രാഷ്ട്രമായ ട്രിനിഡാഡ് ടൊബാഗോയിലെത്തും. പ്രസിഡന്റ് ക്രിസ്റ്റീൻ കാർല കംഗലൂ, പ്രധാനമന്ത്രി കമല പെർസാദ്-ബിസെസ്സർ എന്നിവരുമായി അദ്ദേഹം ചർച്ച നടത്തും. പാർലമെന്റ് സംയുക്ത സമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

മറ്റന്നാൾ അർജന്റീനയിലെത്തുന്ന നരേന്ദ്രമോദി പ്രസിഡന്റ് മിലെയുമായി കൂടിക്കാഴ്ച നടത്തും. പ്രതിരോധം, കൃഷി, ഖനനം, എണ്ണ, വാതകം, പുനരുപയോഗ ഊർജ്ജം, വ്യാപാരം, നിക്ഷേപം തുടങ്ങിയ പ്രധാന മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്യും.

ബ്രസീലിൽ ചേരുന്ന 17-ാമത് ബ്രിക്സ് ഉച്ചകോടിയിലും നരേന്ദ്രമോദി പങ്കെടുക്കും. ശനിയാഴ്ച റിയോ ഡി ജനീറയിലെത്തുന്ന അദ്ദേഹം ആഗോള ഭരണ പരിഷ്കരണം ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ആശയങ്ങൾ കൈമാറും. തുടർന്ന് ഈ മാസം ഒമ്പതിന് നമീബിയിലെത്തുന്ന പ്രധാനമന്ത്രി നമീബിയൻ പ്രസിഡന്റുമായും ഉഭയകക്ഷി ചർച്ച നടത്തും.

✪✪✪

സൈബർ കുറ്റകൃത്യങ്ങൾ തടയുന്ന വിഷയം ചർച്ച ചെയ്യാൻ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. BJP എം പി രാധാ മോഹൻദാസ് അഗർവാളാണ് കമ്മിറ്റിയുടെ അധ്യക്ഷൻ. സൈബർ കുറ്റകൃത്യങ്ങളുടെ ആഘാതം, സംരക്ഷണം, പ്രതിരോധം എന്നീ വിഷയങ്ങളിൽ വിവിധ മന്ത്രാലയങ്ങളുടെയും സംഘടനകളുടേയും അഭിപ്രായങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിക്കും.

✪✪✪

കാസർകോട് ജില്ലയിലെ ഗവൺമെന്റ് ആശുപത്രികളിൽ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തി ആധുനിക സൗകര്യങ്ങൾ കൊണ്ടുവരുന്നത് പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കണ്ണൂരിൽ മേഖലാതല യോഗത്തിൽ കാസർകോട് ജില്ലയിലെ വിഷയങ്ങൾ പരിഗണിക്കുകയായിരുന്നു മുഖ്യമന്ത്രി.

കാസർകോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി പൂർത്തിയാക്കുന്നതിനു പ്രധാന പരിഗണന നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ജില്ലയിലെ ഗവൺമെന്റ് ആശുപത്രികളുടെ നവീകരണ നടപടികൾ മുഖ്യമന്ത്രി ജില്ലാ കലക്ടറോടും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരോടും ചോദിച്ചറിഞ്ഞു. 'വിദ്യാകിരണം' പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കേണ്ട സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് യോഗത്തിൽ മുഖ്യമന്ത്രി നിർദ്ദേശം നൽകി.

✪✪✪

ബേപ്പൂർ തുറമഖത്ത് ഡ്രഡ്ജിങ് നടത്തി കപ്പൽ ചാൽ ആഴം കൂട്ടൽ പദ്ധതി അടുത്ത വർഷം ഫെബ്രുവരിയോടെ പൂർത്തിയാക്കാൻ തീരുമാനിച്ചു. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ കണ്ണൂരിൽ ചേർന്ന മേഖലാതല അവലോകന യോഗമാണ് തീരുമാനമെടുത്തത്. കോഴിക്കോട് നോർത്തിലെ ഭട്ട് റോഡ് ബീച്ചിൽ പുലിമുട്ടുകൾ നിർമിക്കാൻ ഏഴ് കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയാറാക്കി ഗവൺമെന്റിന് സമർപ്പിച്ചതായും ഫണ്ട് ലഭ്യമായാൽ ഉടൻ പ്രവൃത്തി ആരംഭിക്കുമെന്ന് ജലവിഭവ വകുപ്പ് അവലോകന യോഗത്തിൽ അറിയിച്ചു. പദ്ധതിക്ക് മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. മദ്രാസ് IIT നടത്തിയ പഠനത്തെ തുടർന്നാണ് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചത്.

✪✪✪

സംസ്ഥാനത്ത് ഓണക്കാലത്ത് കൂടുതൽ അരിവിഹിതം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മന്ത്രി ജി.ആർ. അനിൽ കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. സംസ്ഥാനത്ത് ദുർബല വിഭാഗങ്ങൾക്കു മാത്രമായി റേഷൻ പരിമിതപ്പെട്ട കാര്യം ജി.ആർ. അനിൽ കേന്ദ്രമന്ത്രിയെ അറിയിച്ചു. ഭക്ഷ്യകമ്മി സംസ്ഥാനമായ കേരളത്തിൽ റേഷൻ ഉത്പന്നങ്ങളുടെ ലഭ്യത സാമ്പത്തിക ദുർബലതയുടെ പ്രശ്നം മാത്രമായി കാണരുതെന്നും മന്ത്രി ആവശ്യപ്പെട്ടു. സംസ്ഥാനത്തിന് മുമ്പുണ്ടായിരുന്ന ഗോതമ്പ് അലോട്ട്മെന്റ് പുനഃസ്ഥാപിക്കണമെന്നും പ്രൽഹാദ് ജോഷിയോട് മന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

പ്രവർത്തനോന്മുഖ വിദ്യാഭ്യാസത്തിനാണ് സംസ്ഥാന ഗവൺമെന്റ് ഊന്നൽ നൽകുന്നതെന്നു മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. ഇതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കെൽട്രോണിന്റെ സഹായത്തോടെ ഇന്റേൺഷിപ് നൽകാൻ സാധിക്കുന്ന സ്ഥാപനങ്ങളെ എം പാനൽ ചെയ്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. കുന്ദമംഗലം ഗവൺമെൻറ്

ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിർമിച്ച പുതിയ അക്കാദമിക ബ്ലോക്ക്, കാന്റീൻ, പെൺകുട്ടികളുടെ ഹോസ്റ്റൽ, ഓപ്പൺ എയർ ഓഡിറ്റോറിയം, വുഷു പ്ലാറ്റ്ഫോം എന്നിവ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പുതിയ ലോകവും കാലവും ആവശ്യപ്പെടുന്ന കോഴ്സുകൾ, പഠനത്തോടൊപ്പം തൊഴിൽ ചെയ്യുന്നതിന് അവസരങ്ങൾ, സംരംഭക മേഖലയിലെ പ്രോത്സാഹനം, സ്കോളർഷിപ്പുകൾ എന്നിവ നൽകി കേരളത്തെ വിജ്ഞാനഹബ്ബാക്കി മാറ്റുകയാണ് സംസ്ഥാന ഗവൺമെന്റെന്നും മന്ത്രി വ്യക്താക്കി.

✪✪✪

ഇന്ത്യയും അമേരിക്കയുമായി ഉണ്ടാക്കാൻ പോകുന്ന സ്വതന്ത്ര വ്യാപാര കരാർ കേരളത്തിലെ ക്ഷീര കർഷകർക്കും സഹകരണ പ്രസ്ഥാനങ്ങൾക്കും ഗുരുതര പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് മന്ത്രി ജെ. ചിഞ്ചു റാണി പറഞ്ഞു. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കേന്ദ്രമന്ത്രി പീയുഷ് ഗോയലിന് നിവേദനം നൽകിയതായും മന്ത്രി അറിയിച്ചു.

ലോകത്തിൽ ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന രാജ്യമായ ഇന്ത്യയിലെ സാധാരണക്കാരായ ക്ഷീര കർഷകരെ ദോഷകരമായി ബാധിക്കുന്ന നിരവധി വ്യവസ്ഥകൾ നിർദ്ദിഷ്ട സ്വതന്ത്ര വ്യാപാര കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

✪✪✪

വനമഹോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി AK ശശീന്ദ്രൻ നാളെ കോട്ടയത്ത് നിർവഹിക്കും. CMS കോളേജ് ഗ്രേറ്റ് ഹാളിൽ ഉച്ചകഴിഞ്ഞ് നടത്തുന്ന പരിപാടിയിൽ മന്ത്രി VN വാസവൻ അധ്യക്ഷനാകും.

✪✪✪

തിരുവനന്തപുരത്ത് KSRTC-യ്ക്കായി വാങ്ങിയ പുതിയ പ്രീമിയം സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസുകളുടെ ഫിറ്റ്നസ് മന്ത്രി KB ഗണേഷ് കുമാർ പരിശോധിച്ചു. ഒരു സൂപ്പർഫാസ്റ്റും ഒരു ഫാസ്റ്റ് പാസഞ്ചർ ബസുമാണ് വാങ്ങിയത്. കൂടുതൽ ബസുകൾ ഈ മാസം തന്നെയെത്തുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

കണ്ണൂർ ഇരിട്ടി ബാരപോൾ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ കനാൽ തകർച്ച പരിഹരിക്കുന്നതിന് വിദഗ്ധ സംഘത്തെ നിയോഗിക്കുമെന്ന് മന്ത്രി K. കൃഷ്ണൻകുട്ടി അറിയിച്ചു. പദ്ധതിയുടെ തകർന്ന ഭാഗം മന്ത്രി പരിശോധിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ

(വോയ്സ് .............)

രണ്ട് കിലോമീറ്ററോളം കനാൽകരയിലൂടെ നടനാണ് മന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം തകർന്ന ഭാഗം പരിശോധിച്ചത്.

ജനങ്ങളുടെ ജീവന് പ്രാധാന്യം നൽകികൊണ്ട് അപകടരഹിത പദ്ധതിയാക്കി ബാരപ്പോൾ പദ്ധതിയെ

മാറ്റുമെന്നും മന്ത്രി പറഞ്ഞു. കനാലിന്റെ ജനങ്ങൾക്ക് ആശങ്കയില്ലാത്ത വിധം പദ്ധതിയെ മാറ്റാൻ വേണ്ട പ്രപ്പോസൽ സമർപ്പിക്കാൻ അദ്ദേഹം നിർദ്ദേശം നൽകി. . നാല് കിലോമീറ്റർ കനാലിൽ 1.4 കി.മി. ഭാഗമാണ് അപകടമേഖലയായി കണ്ടെത്തിയത്. അപകടാവസ്ഥയിലുള്ള. കനാലിന് പകരം പൈപ്പ് വഴി ജലം എത്തിക്കാനുള്ള കാര്യം ആലോചിക്കുമെന്നും മന്ത്രി പറഞ്ഞു വൈദ്യുതി ബോർഡിന് അമിത ചെലവ് വരാത്തതും കൂടുതൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതുമായ പദ്ധതികൾ തയ്യാറാക്കാനും മന്ത്രി നിർദ്ദേശം നൽകി. .

✪✪✪

തിരുവനന്തപുരം SUT ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രിയും മുതിർന്ന CPIM നേതാവുമായ VS അച്യുതാനന്ദന്റെ ആരോഗ്യനില പ്രത്യേക മെഡിക്കൽ സംഘം വിലയിരുത്തി. സംസ്ഥാന ഗവൺമെന്റിന്റെ നിർദേശപ്രകാരം ഏഴ് ഡോക്ടർമാരടങ്ങുന്ന സംഘമാണ് അദ്ദേഹത്തെ പരിശോധിച്ചത്. മരുന്നുകളോട് പ്രതികരിക്കുന്നുണ്ടെന്ന് ഡോക്ടർമാർ അറിയിച്ചു. ഇന്ന് മെഡിക്കൽ ബോർഡ് യോഗം രാവിലെ ചേരും.

✪✪✪

സ്കൂളുകളിൽ പാമ്പ് കടി മൂലമുണ്ടാകുന്ന അത്യാഹിതങ്ങൾ ഒഴിവാക്കാൻ സംസ്ഥാന ഗവൺമെന്റ്, വനം വകുപ്പ് മുഖേന പദ്ധതികൾ ആവിഷ്കരിച്ചതായി മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. അധ്യയന വർഷാരംഭത്തിൽ സ്കൂളുകളിൽ പാമ്പുകളുടെ സാന്നിധ്യം കണ്ടെത്താനും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാനും ആരംഭിച്ച പരിശോധനയുടെ ആദ്യ ഘട്ടം ജൂണിൽ പൂർത്തിയാക്കിയതായി മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

രണ്ടാം ഘട്ടമായി "സർപ്പ പാഠം' എന്ന പേരിൽ വനം വകുപ്പ് വിദ്യാലയ സുരക്ഷാ പരിശോധനയും ബോധവൽക്കരണ പരിപാടികളും നടത്തുമെന്നും അദ്ദേഹം അറിയിച്ചു. ക്ലാസുകൾ നടത്തുന്നതിന് വിവിധ ജില്ലകളിൽ നിന്ന് 67 പേർ അടങ്ങിയ ടീം രൂപീകരിച്ചതായും AK ശശീന്ദ്രൻ വ്യക്തമാക്കി.

✪✪✪

അഞ്ചു മത്സര ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റിലെ രണ്ടാം ടെസ്റ്റ് മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. ബർമിങ്ഹാമിൽ വൈകിട്ട് മൂന്നരക്കാണ് മത്സരം. ആദ്യ ടെസ്റ്റ് മത്സരത്തിൽ അഞ്ച് വിക്കറ്റിന് പരാജയപ്പെട്ട ഇന്ത്യക്കു പ്രതീക്ഷ നിലനിർത്താൻ രണ്ടാം ടെസ്റ്റിൽ ജയം അനിവാര്യമാണ്.

✪✪✪

ബ്രിസ്റ്റലിലെ കൗണ്ടി ഗ്രൗണ്ടിൽ, ഇന്ത്യ - ഇംഗ്ലണ്ട് ട്വന്റി-20 വനിതാ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ ഇംഗ്ലണ്ടിനെ 24 റൺസിന് പരാജയപ്പെടുത്തി. നിശ്ചിത ഓവറിൽ ഇന്ത്യ നാല് വിക്കറ്റ് നഷ്ടത്തിൽ 181 റൺസെടുത്തു. അമൻജോത് കൗർ 40 പന്തിൽ നിന്ന് 63 റൺസ് നേടി 'പ്ലേയർ ഓഫ് ദി മാച്ച്' ആയി.

ഈ വിജയത്തോടെ, ഇംഗ്ലണ്ടിനെതിരായ അഞ്ച് മത്സര പരമ്പരയിൽ 2-0 ന് ഇന്ത്യ മുന്നിലെത്തി.

മൂന്നാം മത്സരം മറ്റന്നാൾ ലണ്ടനിലെ കെന്നിങ്ടൺ ഓവലിൽ ഇന്ത്യൻ സമയം രാത്രി 11 ന് ആരംഭിക്കും.

✪✪✪

കണ്ണൂരിൽ സംസ്ഥാന ജുനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ തൃശ്ശൂർ ചാമ്പ്യന്മാർ. ഫൈനലിൽ ഏകപക്ഷീയമായ ഒരു ഗോളിന് കാസർകോടിനെയാണ് തൃശ്ശൂർ പരാജയപ്പെടുത്തിയത്.

നേരത്തെ ലൂസേർസ് ഫൈനലിൽ മലപ്പുറം ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് കണ്ണൂരിനെ പരാജയപ്പെടുത്തി മൂന്നാം സ്ഥാനം കരസ്ഥമാക്കി.

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് KK രതകുമാരി വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു.

✪✪✪

ഈ മാസം ശബരിമല നട തുറക്കുക മൂന്ന് തവണ. വളരെ അപൂർവമായി മാത്രമാണ് മാസത്തിൽ രണ്ടിലധികം തവണ ക്ഷേത്രം തുറന്ന് പൂജ നടത്തുന്നത്.

കൂടുതൽ വിവരങ്ങളുമായി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

(വോയ്സ് .........)

നവഗ്രഹ പ്രതിഷ്ഠ, കർക്കടകമാസ പൂജ, നിറപുത്തരി എന്നീ ചടങ്ങുകൾക്കായി ഈ മാസം തന്നെ മൂന്ന് തവണ നട തുറക്കുന്ന അപൂർവതക്കാണ് സന്നിധാനം ഒരുങ്ങുന്നത്.

ശബരിമലയിലെ പുതിയ നവഗ്രഹ ശ്രീകോവിലിൽ പ്രതിഷ്ഠാ ചടങ്ങുകൾക്കായി ഈമാസം 11ന് വൈകിട്ട് 5ന് നട തുറക്കും. 13ന് പകൽ 11 നും 12 നും നും മധ്യേയുള്ള കന്നി രാശി മുഹൂർത്തത്തിലാണ് പ്രതിഷ്ഠാ കർമ്മം നടക്കുക. മാളികപ്പുറത്തിന് സമീപമാണ് പുതിയ നവഗ്രഹ ശ്രീകോവിൽ നിർമ്മിക്കുന്നത്. കർക്കടക മാസ പൂജയ്ക്കായി 16 ന് നടതുറന്ന് 21 നു നട അടയ്ക്കും. നിറപുത്തരി പൂജയ്ക്കായി 29 നു നട തുറക്കും. 30നാണ് നിറപുത്തരി ചടങ്ങ് നടക്കുക. പുലർച്ചെ 5.30 നും 6.30 നും മദ്ധ്യേ, നിറപുത്തരി പൂജ നടക്കും. തുടർന്ന് അന്ന് രാത്രി 10 നു നട അടയ്ക്കും. പ്രതിഷ്ഠാ പൂജകൾക്കായി നടതുറക്കുമ്പോൾ ദർശനം നടത്താൻ ആഗ്രഹിക്കുന്ന തീർഥാടകർക്ക് കഴിഞ്ഞ മാസം 23 മുതൽ വെർച്വൽ ക്യൂ വഴി ബുക്ക് ചെയ്യാനുള്ള അവസരം ലഭ്യമാണ്.

✪✪✪

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. നാളെ വരെ മണിക്കൂറിൽ 50 കിലോമീറ്റർ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

വനിതാ സംവരണ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ മികവുറ്റ ഭരണാധികാരികളായി സ്ത്രീകൾ മാറിയെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ P. സതീദേവി പറഞ്ഞു.

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം വനിതാ സംവരണം നടപ്പാക്കിയപ്പോൾ അടുക്കള തകരുമെന്ന് മുറവിളികൂട്ടിയവർക്ക് മുന്നിൽ വീടും നാടും ഭരിക്കാനറിയാമെന്ന് സ്ത്രീകൾ തെളിയിച്ചതായും അവർ പറഞ്ഞു. കണ്ണൂരിൽ വനിതാ കമ്മീഷൻ സംഘടിപ്പിച്ച സംസ്ഥാന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു സതീദേവി.

✪✪✪

വേണ്ടത്ര സുരക്ഷാ ക്രമീകരണങ്ങളൊരുക്കാത്ത കെട്ടിട നിർമ്മാതാക്കൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K.ബൈജുനാഥ് കോഴിക്കോട്

ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി. നെല്ലിക്കോട്ട് സ്വകാര്യ ഫ്ലാറ്റ് നിർമ്മാണ സ്ഥലത്തുണ്ടായ അപകടത്തിൽ ഒരാൾ മരിച്ച സംഭവത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്.

സുരക്ഷാ ക്രമീകരണങ്ങളില്ലാതെ നിർമ്മാണം നടത്തുന്ന പ്രവണത വർധിച്ചു വരികയാണെന്നും ഉദ്യോഗസ്ഥർ നിയമ ലംഘനങ്ങൾക്ക് നേരേ കണ്ണടയ്ക്കുന്നത് പതിവാണെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ച് രണ്ടാഴ്ചക്കുള്ളിൽ ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കണമെന്നും ഈ മാസം 29ന് കോഴിക്കോട്ടെ സിറ്റിങ്ങിൽ കേസ് പരിഗണിക്കുമെന്നും ബൈജുനാഥ് അറിയിച്ചു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRT: ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*